# India-Australia-Japan-United States Senior Officials Consultations

December 18, 2020

---

## ഇന്ത്യ -ഓസ്ട്രേലിയ-ജപ്പാൻ അമേരിക്ക ഉന്നതഉദ്യോഗസ്ഥരുടെ സമ്മേളനങ്ങൾ

ഡിസംബർ 18, 2020

ഇന്ത്യൻ വിദേശകാര്യമന്ത്രാലയം, ഓസ്ട്രേലിയയിലെ വിദേശകാര്യ&വ്യവസായ വകുപ്പ്, ജപ്പാൻ വിദേശകാര്യമാത്രാലയം കൂടാതെ അമേരിക്കയിൽ ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റെയ്റ്റ് എന്നിവയിൽ നിന്നുള്ള ഉന്നതതല ഉദ്യോഗസ്ഥർ 2020 ഡിസംബർ 18 ന് വീഡിയോ കോൺഫറൻസിലൂടെ സംവദിച്ചു.

2020 സെപ്റ്റംബറിൽ നാദത്തിൽ ഇപ്രകാരമുള്ള അവസാന ഔദ്യോഗിക തല ചർച്ചകൾ, 2020 ഒക്ടോബർ 6 ന് ടോക്കിയോയിൽ നടന്ന മന്ത്രിതല സമ്മേളനം എന്നിവയുടെ പിന്തുടർച്ച അറിയുന്നതിനുള്ള അവസരം സമ്മേളനത്തിലൂടെ ലഭിച്ചു. പൊതു താല്പര്യത്തിലുള്ള പ്രാദേശികവും അന്തർദേശീയവുമായ വിഷയങ്ങളിലെ കാഴ്ചപ്പാടുകൾ ഉദ്യോഗസ്ഥർ ചർച്ച ചെയ്തു. കണക്ടിവിറ്റി, ഇൻഫ്രാസ്ട്രക്ച്ചർ എന്നിവയുടെ വികസനം, സൈബർ സുരക്ഷാ, നാവിക സുരക്ഷാ, മാനുഷിക, ദുരന്തനിവാരണ പിന്തുണകൾ എന്നിവ ഉൾപ്പെടുന്ന സുരക്ഷാ പ്രശ്നങ്ങൾ, ഇവയിൽ ഇൻഡോ പസഫിക് മേഖലയിലെ സമാധാനവും, സുരക്ഷയും , സ്ഥിരതയും സമൃദ്ധിയും നിലനിർത്തുക എന്ന ഉദ്ദേശത്തോടെ നടന്നു കൊണ്ടിരിക്കുന്ന പ്രായോഗിക സഹകരണ നടപടികളെ അവർ അവലോകനം ചെയ്തു .

നനടന്നു കൊണ്ടിരിക്കുന്ന കോവിഡ് -19 ആഗോള പകർച്ചവ്യാധിയുടെ സാഹചര്യത്തിൽ, ആഗോള സമ്പദ്ഘടന പെട്ടന്നുതന്നെ സ്ഥിരമായ രീതിയിൽ പുനസ്ഥാപിക്കുന്നതിനായി വിതരണ ശൃംഖലകൾ മെച്ചപ്പെടുത്തേണ്ടതാണെന്ന് ഉദ്യോഗസ്ഥർ പ്രസ്താവിച്ചു. കോവിഡ് -19 വാക്സിനുകൾ സുരക്ഷിതമായും കാര്യക്ഷമമായും ലാഭകരമായും ലഭ്യമാക്കണ്ടത്തിന്റെ ആവശ്യകതയും അവർ ചൂണ്ടികാണിച്ചു.

പങ്കുവയ്ക്കപ്പെട്ട മൂല്യങ്ങളും തത്വങ്ങളും അടിസ്ഥാനമാക്കി, UNCLOS പോലുള്ള അന്താരാഷ്ട്ര നിയമങ്ങൾക്കു വിധേയമായ , സുതാര്യവും, സമൃദ്ധവും , സമഗ്രവുമായ ഇൻഡോ പസഫിക് പ്രവിശ്യക്കായുള്ള തങ്ങളുടെ പ്രതിബദ്ധത ഉദ്യോഗസ്ഥർ ഉറപ്പു നൽകി.

ആസിയാനിലെ വിറ്റ്നാമിന്റെ അദ്ധ്യക്ഷത അവർ പ്രശ്നംസിച്ചു കൂടാതെ ഈ വര്ഷം നവമ്പറിൽ നടത്തിയ 15 മത് ഈസ്റ്റ് ഏഷ്യ ഉച്ചകോടിയുടെ ഫലങ്ങളിൽ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു. ഇൻഡോ പസഫിക് പ്രാദേശിക ആർക്കിടെക്ച്ചറിനായി നേതാക്കൾ നയിക്കുന്ന ഈസ്റ്റ് ഏഷ്യ ഉച്ചകോടിയിൽ ആസിയാൻ കേന്ദ്രീകൃത, ആസിയാൻ നിയന്ത്രിത മെക്കാനിസങ്ങൾക്ക് ഉറച്ച പിന്തുണ ഉദ്യോഗസ്ഥർ ആവർത്തിക്കുകയും ആസിയാനുമായും ഇൻഡോ പസഫിക്കിനായി പൊതുവായ ദർശനം സൂക്ഷിക്കുന്ന മറ്റു രാജ്യങ്ങളുമായും പ്രവർത്തിക്കുന്നതിനുള്ള സന്നദ്ധത അറിയിക്കുകയും ചെയ്തു.

**ന്യൂ ഡൽഹി**
**18 ഡിസംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.